# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5560** **02/07/2014-ൽ മറുപടിക്ക്**

## റീജിയണൽ കാൻസർ സെന്ററിൽ ചികിത്സയ്ക്ക് പ്രധാനമന്ത്രിയുടെ ഫണ്ടിൽ നിന്നും ധനസഹായം

**ചോദ്യം**

**ശ്രീ. എ. പ്രദീപ് കുമാർ**

**മറുപടി**

**ശ്രീ. വി. എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | റീജിയണൽ കാൻസർ സെന്ററിൽ ചികിത്സയ്ക്ക് എത്തുന്ന രോഗികൾക്ക് പ്രധാനമന്ത്രിയുടെ ചികിത്സാ ധനസഹായത്തിൽ നിന്നും ഫണ്ട് അനുവദിച്ചു കിട്ടാറുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) | റീജിയണൽ കാൻസർ സെൻററിൽ ചികിൽസക്ക് എത്തുന്ന നിർദ്ധനരായ രോഗികൾക്ക് അവർ അപേക്ഷ നൽകുന്നതനുസരിച്ച് അർഹതയുള്ളവർക്ക് പ്രധാനമന്ത്രിയുടെ ചികിൽസാ ധനസഹായത്തിൽ നിന്നും ഫണ്ട് അനുവദിച്ചു കിട്ടാറുണ്ട്. |
| (ബി) | ഈ ഫണ്ടിൽ നിന്നും പേവാർഡിന്റെ ഫീസ് ഉൾപ്പെടെ ചില ചെലവുകൾ അനുവദിച്ചു കൊടുക്കാറില്ലെന്നത് ശരിയാണോ ; | (ബി) | നിർദ്ധനരായ രോഗികളുടെ രോഗ നിർണ്ണയത്തിനും ചികിൽസക്കും വേണ്ടി വരുന്ന ചെലവ് നിറവേററുന്നതിന് മാത്രമാണ് ഈ ധനസഹായം അനുവദിക്കുന്നത്. |
| (സി) | പേവാർഡിൽ കിടക്കേണ്ടി വരുമ്പോൾ അതിന്റെ ചെലവ് മാത്രം ഫണ്ടിൽ നിന്ന് അനുവദിക്കില്ലെന്ന് നിലപാട് സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ കാരണം വെളിപ്പെടുത്തുമോ ; | (സി) | നിർദ്ധനരായ രോഗികളുടെ രോഗ നിർണ്ണയത്തിനും ചികിൽസക്കും വേണ്ടി വരുന്നചെലവ് നിറവേററുന്നതിന് മാത്രമാണ് ഈ ധനസഹായം അനുവദിക്കുന്നത്. നിർദ്ധനരായ രോഗികൾക്കു മാത്രമാണ് ഇത്തരം ചികിൽസാ ആനുകൂല്യങ്ങൾ അനുവദിക്കുന്നത്. ഈ ധനസഹായം ലഭിക്കുന്ന രോഗികൾക്ക് കിടത്തി ചികിൽസ വേണ്ടി വരുന്നപക്ഷം ആർ.സി.സി.യിലെ ജനറൽ വാർഡിൽ സൗകര്യം ലഭിക്കുന്നുണ്ട്. |
| (ഡി) | കാൻസർ രോഗത്തിനുള്ള ചികിത്സയുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും ഇത്തരം ധനസഹായ ഫണ്ടുകളിൽ നിന്നും മുഴുവൻ തുകയും അനുവദിച്ചു കിട്ടുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ? | (ഡി) | നിർദ്ധനരായ രോഗികൾക്ക് കാൻസർ രോഗ ചികിൽസക്ക് ആവശ്യമായി വരുന്ന ചെലവ് ഇപ്രകാരം ലഭിക്കുന്നധനസഹായ ഫണ്ടിൽ നിന്നും നിബന്ധനകൾക്കു വിധേയമായി ആവശ്യാനുസരണം അനുവദിച്ചു നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ